# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1402 — 15.6.2012-ൽ മറുപടിയ്ക്ക്

## പച്ചക്കറി ഉല്പാദനവും വിതരണവും

*ചോദ്യം*

ശ്രീ. പി. എ. മാധവൻ

*മറുപടി*

**ശ്രീ . കെ.പി.മോഹനൻ**
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി)

(എ) സംസ്ഥാനത്ത് പച്ചക്കറി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും, ജനങ്ങൾക്ക് കുറഞ്ഞ വിലയിൽ ഇവ ലഭിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് അറിയിക്കുമോ;

(എ) സംസ്ഥാനത്ത് പച്ചക്കറി ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് 42.5 കോടിയുടെ ഒരു സമഗ്ര പച്ചക്കറി വികസന പദ്ധതി 2012-2013-ൽ ആവിഷ്ക്കരിച്ച് വരുന്നുണ്ട്. ഇതിൽ സ്ഥാപനങ്ങൾ വഴി പച്ചക്കറി കൃഷി. പുരയിടങ്ങളിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുക,പരിശീലനവും, പ്രചാരണവും , അർബൻ ക്ലസ്റ്റർ പ്രോത്സാഹനം, ജില്ലാ ക്ലസ്റ്റർ വികസനം, പോളീഹൗസും ഓപ്പൺ ഹൈടെക് കൃഷിയും, കേരള കാർഷിക സർവ്വകലാശാല മുഖേനയുള്ള പദ്ധതികൾ എന്നിവയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

കൂടാതെ സംസ്ഥാനത്ത് പച്ചക്കറി ഉല്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ വിത്തുമുതൽ വിപണനം വരെയുള്ള കാർഷിക വൃത്തിയുടെ എല്ലാ ഘട്ടങ്ങളിലും, എല്ലാ ജില്ലകളിലും ഉള്ള കർഷകർക്ക് സഹായം എത്തിക്കുന്ന രീതിയിലാണ് വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ പദ്ധതികൾ ആസൂത്രണം

| | | | |
|---|---|---|---|
| | | | വി.എഫ്..പി.സി.കെ.എന്നീ ഏജൻസികളുടെ നേതൃതത്വത്തിൽ 192 പുതിയ പച്ചക്കറി സ്റ്റാളുകൾ ആരംഭിക്കുകയും കമ്പോളവിലയേക്കാൾ 30 % വരെ കുറഞ്ഞ വിലയ്ക്ക് വില്പന നടത്തി വരുകയും ചെയ്യുന്നു. എസ്,എച്ച്.എം.ന്റെ പദ്ധതികൾ എല്ലാം തന്നെ കേന്ദ്രസഹായത്തോടെയുളളതാണ്. |
| (ബി) | ഇതിനായി കേന്ദ്ര സർക്കാരിൽ നിന്നും എന്തെല്ലാം സഹായങ്ങളാണ് ലഭിക്കുന്നത്; | (ബി) | വി.എഫ്.പി.സി.കെ കർഷകരുടെ ഉന്നമനത്തിനും പച്ചക്കറികൃഷി വികസനത്തിനുമായി ഗവണ്മെന്റ് ഗ്രാന്റ് കൂടാതെ RKVY, SHM, NAIP, DMI, NABARD, എന്നീ ഏജൻസികളിൽ നിന്നുളള ധനസഹായവും വിനിയോഗിച്ചു വരുന്നു. കൂടാതെ പച്ചക്കറി വികസനത്തിനുളള എസ്.എച്ച്.എം പദ്ധതികൾ കേന്ദ്ര സഹായത്തോടെയാണ് നടപ്പാക്കുന്നത്. |
| (സി) | ജൈവകൃഷി പ്രോത്സാഹനത്തിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ? | (സി) | സംസ്ഥാനത്ത് ജൈവ കൃഷിയുടെ ആവശ്യകത, സാദ്ധ്യത തുടങ്ങിയവ കണക്കിലെടുത്ത് 2010 ഫെബ്രുവരി 10-ാം തീയതിയിലെ സർക്കാർ ഉത്തരവ് (പി) നമ്പർ 39/2010 പ്രകാരം ഒരു ജൈവ കൃഷി നയം പ്രഖ്യാപിച്ചിട്ടുണ്ട്. ഈ നയം അടിസ്ഥാനമാക്കി കേരളത്തിലെ ജൈവ കൃഷി വികസനത്തിന് സംസ്ഥാന സർക്കാർ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. 2010-11 വർഷം സംസ്ഥാനത്ത് 900 ഹെക്ടർ സ്ഥലത്ത് ജൈവരീതിയിൽ നെല്ല്, പച്ചക്കറി, കിഴങ്ങുവർഗ്ഗവിളകൾ, സുഗന്ധവ്യഞ്ജങ്ങൾ തുടങ്ങിയവ ഉൽപ്പാദിപ്പിക്കുന്നതിന് ഹെക്ടറിന് 10000 രൂപ നിരക്കിൽ സഹായധനം നൽകിയിട്ടുണ്ട്. കൂടാതെ ബോധവൽക്കരണ സെമിനാറുകൾ, പരിശീലന പരിപാടികൾ മുതലായവയും |

ചെയ്ത് നടപ്പിലാക്കി വരുന്നു. മാത്രമല്ല സംസ്ഥാന ഹോർട്ടികൾച്ചർ മിഷനും സംസ്ഥാനത്തിനാവശ്യമായ പച്ചക്കറികൾ ഇവിടെത്തന്നെ ഉല്പാദിപ്പിക്കുന്നതിനായി വിവിധ പദ്ധതികൾ നടപ്പാക്കി വരുന്നു. ഉത്സവകാലങ്ങളിൽ പച്ചക്കറികളുടെ വില അനിയന്ത്രിതമായി വർദ്ധിപ്പിക്കുമ്പോൾ കൃഷി വകുപ്പ് വി.എഫ്.പി.സി.കെ , ഹോർട്ടികോർപ്പ് എന്നിവർ വിപണിയിൽ ഇടപ്പെട്ട് 10 മുതൽ 30 % വരെ വില കുറച്ച് വില്പന നടത്തുന്നു. പ്രത്യേകിച്ച് ഓണം, ക്രിസ്മസ് തുടങ്ങിയ ഉൽസവ സീസണുകളിൽ മേളകൾ സംഘടിപ്പിച്ച് കുറഞ്ഞ വിലയ്ക്ക് പച്ചക്കറികൾ ജനങ്ങൾക്ക് ലഭ്യമാക്കുന്നു. ഹോർട്ടികോർപ്പ് സംസ്ഥാനത്തുടനീളം കർഷകരിൽ നിന്നും നേരിട്ട് പച്ചക്കറികൾ സംഭരിച്ച് വിവിധ ജില്ലകളിലായി വ്യാപിച്ചു കിടക്കുന്ന സ്ഥിരം പച്ചക്കറി വില്പന കേന്ദ്രങ്ങളിലൂടെ വില്പന നടത്തുന്നു. വി.എഫ്.പി.സി.കെ കർഷകർ ഉൽപാദിപ്പിക്കുന്ന പച്ചക്കറികൾ അവരുടെ സ്വാശ്രയ വിപണികളിലൂടെ സംഭരിച്ച് കേന്ദ്രങ്ങളിലായി സ്ഥാപിച്ചിട്ടുളള വില്പന ശാലകൾ വഴി ഉപഭോക്താക്കൾക്ക് എത്തിക്കുന്നു. കൃഷി വകുപ്പ്, നിശ്ചയിക്കുന്ന തറവിലയ്ക്ക് പച്ചക്കറികൾ സംഭരിച്ച് വില കുറച്ച് വിതരണം ചെയ്യുന്നു. വി.എഫ്.പി.സി.കെ, ഹോർട്ടികോർപ്പ്, എസ്.എച്ച്.എം. എന്നീ ഏജൻസികൾക്ക് ഇതു മൂലം ഉണ്ടാകുന്ന നഷ്ടം മാർക്കറ്റ് ഇന്റർ വെൻഷൻ ഫോർപ്രൈസ് സ്റ്റബിലൈസേഷൻ എന്ന പദ്ധതിയിലൂടെ നഷ്ടം നികത്തി കൊടുക്കുന്നു. അനിയന്ത്രിതമായി വർദ്ധിച്ച പച്ചക്കറി വില നിയന്ത്രിക്കുന്നതിനായി 22.5.2012 ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി . വിളിച്ചു ചേർത്ത യോഗതീരുമാനപ്രകാരം സ്പ്ലൈകോ, ഹോർട്ടികോർപ്പ്,

നടപ്പിലാക്കി. 2011-2012 വർഷം 3500 ഹെക്ടർ സ്ഥലത്തുകൂടി പുതുതായി ജൈവകൃഷി വ്യാപിപ്പിക്കുകയും ബോധവൽക്കരണ പരിശീലന പരിപാടികൾ നടപ്പിലാക്കുകയും ചെയ്തു. 2010-11 വർഷത്തിൽ ജൈവ കൃഷി നടപ്പിലാക്കിയ 900 ഹെക്ടർ സ്ഥലത്ത് 2-ാം വർഷ സഹായധനമായി ഹെക്ടറിന് 10,000 രൂപയും നൽകിയിട്ടുണ്ട്. 2011-12 വർഷം 449.98 ലക്ഷം രൂപ പദ്ധതിയ്ക്കായി ചെലവഴിച്ചു.

2012-13 സാമ്പത്തിക വർഷം ജൈവപദ്ധതിയ്ക്കായി 1000 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ജൈവ പച്ചക്കറി ഉൽപ്പാദന പരിപാടികളും നടപ്പിലാക്കുന്നതാണ്.

സെക്ഷൻ ഓഫീസർ